
# ഗോവിന്ദൻ തന്റെ കട കൊറോണ വിമുക്തമാക്കുന്നു

IndiSciCovid

**by Indian Scientists Response to Covid**

https://indscicov.in/

Illustrations by: Reshma Barve



കട വീണ്ടും തുറന്നു, ഗോവിന്ദൻ നായർക്ക് സന്തോഷമായി. അദ്ദേഹം ഒരു പലചരക്കു കട നടത്തുന്നു. കട കഴിഞ്ഞ പത്തു ദിവസമായി അടച്ചിട്ടിരിക്കുകയാണ്. പത്തു ദിവസമേ ആയുള്ളൂ, അല്ലെ? എങ്കിലും വർഷങ്ങൾ പോലെ തോന്നുന്നു, അദ്ദേഹം ചിന്തിച്ചു. പലചരക്കു അത്യാവശ്യമുള്ളതായതിനാൽ കട തുറന്നു പ്രവർത്തിക്കാം എന്നാണ് ലോക്ഡൗൺ തുടങ്ങിയപ്പോൾ പറഞ്ഞിരുന്നത്. പക്ഷെ ആദ്യ ദിവസം തന്നെ കട തുറക്കാൻ ശ്രമിച്ചപ്പോൾ പോലീസുകാരനോട് പറഞ്ഞു മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടിയത് കൊണ്ട് അയാൾ വേണ്ടെന്നു വയ്ക്കുകയാണുണ്ടായത്. മാത്രമല്ല, സാധാരണ സ്കൂട്ടറിൽ കടയിൽ പോയിരുന്ന അയാൾക്ക്, പോലീസുകാർ എല്ലാ ഇരുചക്ര വാഹനങ്ങളെയും പിടികൂടിയിരുന്നതിനാൽ കടയിൽ എത്തുന്നതും ദുഷ്കരമായിരുന്നു. താൻ മാത്രമല്ല , ഇബ്രാഹിമും ചാക്കോയും കട തുറന്നിട്ടില്ല എന്ന് അവരോടു സംസാരിച്ചപ്പോൾ അയാൾക്ക് മനസിലായി. സാധനങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ട് കൊണ്ടാണ് അവർ കട തുറക്കാതിരുന്നത്. ഇവർക്ക് എല്ലാം വളരെ ചെറിയ കടകൾ ആണ് ഉള്ളത് , കഷ്ടിച്ച് 12 അടി നീളവും 10 അടി വീതിയും ഉള്ളവ. കടയിലേക്കുള്ള ഇടുങ്ങിയ വഴിയിലൂടെ അങ്ങേയറ്റം ഒരാൾക്ക് മൂന്നു നാലടി വരെ ഉള്ളിലേക്ക് കയറി വരാനാവും . ഇത് പോലുള്ള നാല് കടകളുള്ള ഒരു കെട്ടിടം ആണ് അത് ; ഒരാൾ ഒരു ചെരുപ്പ് കട നടത്തുന്നു , മറ്റയാൾ തുണി കട , വേറെ ഒരാൾ ഒരു ഫാൻസി സ്റ്റോർ, പിന്നെ ഗോവിന്ദന്റെ കടയും. മുകളിലത്തെ നിലയിലാവട്ടെ, അടുത്ത കാലത്തു തുടങ്ങിയ ഒരു ഇന്റർനെറ്റ് കഫെയും കഷ്ടിച്ച് നടന്നു പോകുന്ന ഒരു ഫോട്ടോ സ്റ്റുഡിയോയും കൂടാതെ പൊങ്ങച്ചക്കാരനായ ഒരു റിയൽ എസ്റ്റേറ്റ് ബ്രോക്കറും ഉണ്ട് . എല്ലാവരും അടച്ചിട്ടിരിക്കുന്നു എന്ന് മാത്രമല്ല , നേരത്തെ തന്നെ ബുദ്ധിമുട്ടിലായിരുന്ന അവർ ഒരു മാസത്തെ ബിസിനസ്സ് നഷ്ടത്തിൽ നിന്ന് കര കയറുമോയെന്നും തോന്നുന്നില്ല. എന്നാൽ, ഗോവിന്ദൻ അവരുടെ അത്രയും കഷ്ടത്തിലായിട്ടില്ല എന്ന് മാത്രം !.




സാധാരണഗതിയിൽ , രാവിലെ മുതൽ രാത്രി വരെ ഗോവിന്ദൻ കടയിൽ കാണും . അയാൾ ഉച്ചക്ക് കഴിക്കാനും വിശ്രമിക്കാനും വീട്ടിൽ പോകുമ്പോൾ , ഹൈസ്കൂൾ വിദ്യാർത്ഥിയായ മകൻ ഉണ്ണി കടയിൽ നിൽക്കും . ഫോണിലൂടെ ഓർഡർ ചെയ്യുന്ന നാട്ടിലെ പ്രമാണിമാരുടെ വീട്ടിൽ സാധനങ്ങളെത്തിക്കുന്നതും ഉണ്ണിയാണ്.

ലോക്കഡോൺ തുടങ്ങിയ ശേഷം എല്ലാം ഒന്ന് ശാന്തമായ സ്ഥിതിക്ക് വീണ്ടും അയാൾക്ക് കട തുറക്കാനാവും. ഗോവിന്ദൻ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ , പലചരക്കു കടകൾ തുറക്കാം എന്ന് അവർ സമ്മതിച്ചു . അതോടൊപ്പം ചെയ്യേണ്ടവയും ചെയ്യണ്ടാത്തവയും സൂചിപ്പിക്കുന്ന (ഗവൺമെന്റ് പ്രസിദ്ധീകരിച് പോലീസ് വിതരണം ചെയ്യുന്ന) ഒരു നിർദേശ പത്രവും നൽകി.

ആളുകളെ അകത്തേക്ക് കടത്തി വിടുന്നതിനെ പറ്റി :
അങ്ങേയറ്റം ഒരാൾക്ക് കഷ്ടിച്ച് അകത്തേക്ക് കയറാൻ പറ്റാവുന്ന കടയിൽ ഗോവിന്ദനും മകനും ഉണ്ടെങ്കിൽ പിന്നെ ആർക്കും കയറാനാവില്ല . അതുകൊണ്ടു ഇതിനെ പറ്റി ചിന്തിക്കേണ്ടതേയില്ല !

ഉപഭോക്താക്കൾ തമ്മിൽ സാമൂഹിക അകലം പാലിക്കുന്നു എന്ന് ഉറപ്പാക്കൽ : ഗോവിന്ദൻ നായർ ചോക്ക് കൊണ്ട് പുറത്തു ആറടി അകലത്തിൽ കളങ്ങൾ വരച്ചിരുന്നു, എന്നിരുന്നാലും ഇതൊക്കെ ഉപഭോക്താക്കൾ ശ്രദ്ധയോടെ പാലിക്കുമോ എന്ന് ഉറപ്പുണ്ടായിരുന്നില്ല , എല്ലാവരും പണ്ട് 'കളം ചാടി' കളി കളിച്ചിരുന്നതിനെ ഓർമിപ്പിക്കുമാറ്, വരച്ചിരിക്കുന്ന കളങ്ങളിൽ തന്നെ നിൽക്കണം എന്ന് ഒരു നിർദേശം കടയുടെ പുറത്തു എഴുതി വയ്ക്കാൻ തീരുമാനിച്ചു. ഇടയ്ക്കിടയ്ക്ക് കളങ്ങൾ വീണ്ടും വരയ്ക്കാൻ ഉണ്ണിയെ ചുമതലപ്പെടുത്തുകയും ചെയ്തു



സാധനങ്ങൾ വാങ്ങിക്കുമ്പോൾ സാമൂഹിക അകലം പാലിക്കാൻ എളുപ്പം ആണ് ഗോവിന്ദന് . ഇപ്പോൾ പിന്നെ, വളരെ കുറച്ചു സാധനങ്ങളെ വരുന്നുള്ളു എന്നുള്ളത് കൊണ്ട് അതൊരു പ്രശ്നമേയല്ല. മൊത്തവ്യാപാരം നടത്തുന്ന കടയിൽ പോയി സാധനങ്ങൾ വാങ്ങുന്നത് ഗോവിന്ദൻ ആയിരുന്നു ; ഇനിയും അത് ചെയ്യാൻ പറ്റുമോ എന്ന് അറിയില്ല . കാരണം, ബസുകൾ ഇല്ല എന്ന് മാത്രമല്ല സ്കൂട്ടറിൽ യാത്ര ചെയ്യാൻ അനുവദിക്കണമെന്നുമില്ല

ഗോവിന്ദൻ ഒരു മുഖാവരണം ധരിച്ചിട്ടുണ്ട്. , വീട്ടിൽ കുറച്ചു തുണി കൊണ്ട് ഉണ്ടാക്കിയ മാസ്ക് കളും ഉണ്ട് , അതു കഴുകി മാറി മാറി ഉപയോഗിക്കും . അപ്പോൾ കൈയ്യുറ ? തൊപ്പി ? ദേഹം മുഴുവൻ എങ്ങനെ മറയ്ക്കും? ഗോവിന്ദൻ നായർക്ക് ഇതൊന്നും ഇല്ലായിരുന്നു , ഇതൊക്കെ ധരിച്ചു കൊണ്ട് അദ്ദേഹത്തിന് കേരളത്തിലെ ചൂടിൽ ജോലി ചെയ്യാൻ പറ്റുമോ എന്നും ഉറപ്പില്ല. ഇതൊക്കെ എവിടെ നിന്ന് കിട്ടും? എല്ലാ കടകളും അടച്ചിരുക്കുകയല്ലേ ?

കടയിൽ വരുന്നവരോട് എങ്ങനെ മാസ്ക് ധരിക്കാൻ ആവശ്യപ്പെടും? പോലീസ് വന്നു ഇത് ചെയ്യുമോ?



ഗോവിന്ദൻ പത്രത്തിൽ വായിച്ചിരുന്നു, സോപ്പ് വൈറസിനെ കൊല്ലും എന്ന്. സോപ്പ് അയാളുടെ കയ്യിൽ ഒരുപാടു ഉണ്ട്! ബക്കറ്റുകളിൽ സോപ്പ് വെള്ളം വെയ്ക്കാൻ അയാൾ ആലോചിക്കുന്നുണ്ട്. അത് കൂടെ കൂടെ മാറ്റാം എന്നും കരുതുന്നു. കുറെ കൂടെ കരുതലിനു വേണ്ടി ,അയാൾ തന്നെ എല്ലാ പ്രതലങ്ങളും ഓരോരോ മണിക്കൂർ കൂടുമ്പോൾ സോപ്പ് വെള്ളം കൊണ്ട് കഴുകാം എന്ന് വിചാരിച്ചു . ചുമയുള്ള ആരെയും കടയിലുള്ള ഒരു സാധനത്തിന്റെയും അടുക്കലേക്കു വരാൻ അനുവദിക്കില്ല എന്ന് അയാൾ തീരുമാനിച്ചു , അവർ പുറത്തു നിൽക്കണം ; സാധനം അവർക്കു പുറത്തു കൊണ്ട് പോയി കൊടുക്കും. ഉണ്ണിക്കും കടയുടെ അകത്തു എന്തെല്ലാമാണ് ചെയ്യേണ്ടത് എന്ന് അയാൾ നിർദേശം നൽകിയിട്ടുണ്ട്

അയല്പക്കത്തെ വീടുകളിലേക്ക് മാത്രമെങ്കിലും ഇപ്പോൾ സാധനം എത്തിച്ചു കൊടുക്കാൻ സാധിക്കും എന്ന പ്രതീക്ഷയുണ്ട്. പക്ഷെ ലോക്ഡൗണിന്റെ സമയത്തു ഉണ്ണിയെ ദൂരേക്ക് സൈക്കിളിൽ വിടാൻ ഗോവിന്ദൻ തീരുമാനിച്ചിട്ടില്ല . എന്ത് ആയാലും, ഉണ്ണി മാസ്ക് ധരിക്കണം, ഒരു വീട്ടിലേക്കും കയറാൻ പാടില്ല , കൊണ്ട് പോകുന്ന സാധനങ്ങളടങ്ങുന്ന പെട്ടി പുറത്തു വച്ച ശേഷം മാറി നിൽക്കണം , ആളുകൾ സാധനം എടുത്തു പൈസ ഒരു ചെറിയ കൂടയിൽ ഇടുന്നതു വരെ കാത്തു നിൽക്കണം. വീട്ടിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുമ്പോൾ ഈ നിർദേശങ്ങൾ ഒക്കെ പാലിക്കണം എന്ന് ഉണ്ണിയോട് പ്രത്യേകം ഗോവിന്ദൻ പറഞ്ഞിട്ടുണ്ട്. ഉണ്ണിക്കു ചുമ്മയോ മറ്റു ലക്ഷണങ്ങളോ ഉണ്ട് എങ്കിൽ സാധനങ്ങൾ കൊണ്ട് പോയി കൊടുക്കുന്നത് നിർത്തണം. കടയും അടക്കേണ്ടി വരും. ഇത് എല്ലാം കേട്ട് ഉണ്ണി വളരെ ആവേശഭരിതനായിരുന്നു , അവന്റെ പ്രായത്തിന്റെ ആണത് , പക്ഷെ, ഗോവിന്ദന് നല്ല പേടിയുണ്ടായിരുന്നു.



**ഗോവിന്ദന് ഏറ്റവും പ്രധാനപ്പെട്ട ആശങ്ക ആ കെട്ടിടത്തിലെ ചെറിയ, വൃത്തിയില്ലാത്ത എല്ലാവരും ഉപയോഗിക്കുന്ന കക്കൂസിനെക്കുറിച്ചാണ്. കഴിഞ്ഞ പത്തു ദിവസമായി കെട്ടിടത്തിൽ ആരുമില്ലാത്തിതിനാൽ വെള്ളവും വൈദ്യുതിയും അടച്ചിരിക്കുകയാണ്. ഇനിയും ഒരു കടയ്ക്കു മാത്രം വേണ്ടി അവ തുറക്കാനായി ഉടമസ്ഥനുമായി വഴക്ക് ഉണ്ടാക്കേണ്ടി വരും. വെള്ളം വരുന്നുണ്ട്, പക്ഷെ, കാപ്പിയുടെ നിറമാണെന്നു മാത്രം!**

**മുടങ്ങാതെ അയാളുടെ കട അണുവിമുക്തമാകാനും വൃത്തിയാക്കാനും ആവശ്യത്തിന് ജല ലഭ്യത ഉണ്ടെങ്കിൽ, ഉപഭോക്താക്കൾക്ക് അവശ്യ സേവനങ്ങൾ സുരക്ഷിതമായി നല്കാൻ ഗോവിന്ദൻ സദാ തയ്യാറാണ്.**

**ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.**

